"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുവിദ്യാഭ്യാസം - എയ്ഡഡ് സ്കൂൾ ജീവനക്കാര്യം - പത്തനംതിട്ട മടമൺ ഗവൺമെന്റ് യു.പി. സ്കൂളിലെ യു.പി.എസ്.ടി. ആയ ശ്രീമതി ശോശാമ്മ ജോർജ്ജ് ഫയൽ ചെയ്ത റിട്ട് ഹർജി 17029/2015-മേലുള്ള 30.05.2024-ലെ വിധിന്യായം നടപ്പിലാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.3592/2025/GEDN തീയതി,തിരുവനന്തപുരം, 31-05-2025

---

പരാമർശം:-

1. റിട്ട് ഹർജി 17029/2015-മേലുള്ള 30.05.2024-ലെ വിധിന്യായം.
2. റാന്നി ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 23/10/2024-ലെ AEORNY/203/2024-C നമ്പർ കത്ത്.
3. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 01/12/2024-ലെ ആർഎ4/21463/2024/ഡിജിഇ നമ്പർ കത്ത്.

**ഉത്തരവ്**

പത്തനംതിട്ട മടമൺ ഗവൺമെന്റ് യു.പി. സ്കൂളിലെ യു.പി.എസ്.ടി. ആയ ശ്രീമതി ശോശാമ്മ ജോർജ്ജ് ഫയൽ ചെയ്ത റിട്ട് ഹർജി 17029/2015-മേലുള്ള 30.05.2024-ലെ വിധിന്യായം സദയം കണ്ടാലും. ടി വിധിന്യായത്തിൽ ഹർജിക്കാരിയിൽ നിന്നും ഈടാക്കിയ തുക തിരികെ നൽകുവാൻ 4-ാം എതിർകക്ഷിയായ പൊതു വിദ്യാഭ്യാസ വകുപ്പ് സെക്രട്ടറിക്ക് നിർദേശം നല്കി ഉത്തരവായിരുന്നു. കൂടാതെ ഹർജിക്കാരിയുടെ 15.07.2001 മുതൽ 31.01.2002 വരെയുള്ള സേവന കാലയളവ് സർവീസ് ആനുകൂല്യങ്ങൾക്ക് പരിഗണിക്കണമെന്ന ആവശ്യം നിരസിച്ചിട്ടുണ്ട്. ടി വിധിന്യായത്തിന്മേൽ റിപ്പോർട്ട് സമർപ്പിക്കുവാൻ പൊതുവിദ്യാഭ്യാസ ഡയറക്ടർ, റാന്നി ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ, മാനേജർ എന്നിവർക്ക് നിർദ്ദേശം നൽകിയിരുന്നു.

<u>2. വിദ്യാഭ്യാസ ഓഫീസർമാരുടെ സമാന റിപ്പോർട്ട് ചുവടെപ്പറയും പ്രകാരമാണ്.</u>

ശ്രീമതി ശോശാമ്മ ജോർജ് പത്തനംതിട്ട ജില്ലയിലെ റാന്നി ഉപജില്ലാ വിദ്യാഭ്യാസ ഓഫീസിന് കീഴിലുള്ള കുനംകര തേവർവേലിൽ എൽ.പി. സ്കൂളിൽ ശ്രീമതി എം.റ്റി. മറിയാമ്മയുടെ LWA ഒഴിവിൽ 07/06/1993 മുതൽ 04/06/1994 വരെയും 05/06/1994 മുതൽ 04/06/1999 വരെയും 05/06/1999 മുതൽ 31/01/2002 വരെയും ജോലി ചെയ്തിരുന്നു.

2001-2002 വർഷം തേവർവേലിൽ എൽ.പി. സ്കൂളിന് അംഗീകരിച്ച് നൽകിയ റാന്നി ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 13/07/2001 ലെ ബി/2321/2001 നമ്പർ തസ്തിക നിർണയ ഉത്തരവ് പ്രകാരമുള്ള ആറാം സാധ്യായ ദിവസത്തെ കുട്ടികളുടെ എണ്ണവും അനുവദിച്ച ഡിവിഷനുകളും തസ്തികകളും ചുവടെ ചേർക്കുന്നു.

| Std | I | II | III | IV | V | Total |
|---|---|---|---|---|---|---|
| Roll Strength | 52 | 46 | 51 | 59 | 54 | 262 |
| Actual attendance on the visit of Educational Officer | 47 | 43 | 45 | 55 | 51 | 241 |
| Effective strength | 50 | 45 | 48 | 58 | 54 | 255 |
| Divisions Admissible | 2 | 2 | 2 | 2 | 2 | 10 |

Sanctioned Post - HM - 01, LPSA - 08, Full Time Arabic LG - 01

പ്രസ്തുത സ്കൂളിലെ ഒന്നാം ക്ലാസ് ഷിഫ്റ്റ് അടിസ്ഥാനത്തിലായിരുന്നു പ്രവർത്തിച്ചിരുന്നത്. 2000-2001 വർഷത്തിലും മുകളിൽ സൂചിപ്പിച്ചിരിക്കുന്ന രീതിയിൽ 10 ഡിവിഷനുകളും 08 എൽ.പി.എസ്.എ, 01 എച്ച്.എം., 01 ഫുൾ ടൈം എൽ.ജി. അറബിക് തസ്തികകളും അനുവദിച്ചിരുന്നു. എന്നാൽ തുടർന്ന് വന്ന പരിശോധനയിൽ 2001-02 വർഷം രണ്ടാം ക്ലാസ്സിലെ ഇഫക്റ്റീവ് സ്ട്രെങ്ത് 45 പ്രകാരം അനുവദിക്കേണ്ടിയിരുന്ന ഒരു ഡിവിഷന് പകരം രണ്ടു ഡിവിഷൻ അനുവദിച്ചതായി കണ്ടെത്തുകയുണ്ടായി. ആയതിന്റെ അടിസ്ഥാനത്തിൽ 08/04/2002 ൽ ഹിയറിംഗ് നടത്തുകയും ഈ ഹിയറിംഗിൽ ശ്രീമതി ശോശാമ്മ ജോർജ്, എച്ച്.എം., മാനേജർ എന്നിവർ പങ്കെടുക്കുകയുണ്ടായി. ഹിയറിംഗിനു ശേഷം രണ്ടാം ക്ലാസ്സിൽ തെറ്റായി അനുവദിച്ച ഒരു ഡിവിഷനും ഒരു എൽ.പി.എസ്.എ. തസ്തികയും കുറവ് ചെയ്തു 09/04/2002 ലെ ബി/1016/2002 നമ്പർ ഉത്തരവ് പ്രകാരം 2001-2002 വർഷത്തെ തസ്തിക നിർണയം പരിഷ്ക്കരിച്ച് നൽകുകയും ചെയ്തു.

2001-2002 വർഷത്തെ തസ്തികയും പുന:നിർണയത്തിൽ ജി.ഒ.(എം.എസ്) 377/96/പൊവിവ തീയതി 08/11/1996 പ്രകാരം 15/07/1996 ന് മുൻപ് സർവ്വീസിൽ ഉണ്ടായിരുന്ന ചുവടെ ചേർക്കുന്ന എൽ.പി.എസ്.എ. മാരെ നിലനിർത്തുകയും 05/06/1985 മുതൽ 04/06/2002 വരെ LWA യിൽ ആയിരുന്ന എം.റ്റി. മറിയാമ്മയുടെ ലീവ് ഒഴിവിൽ 07/06/1993 മുതൽ ജോലി ചെയ്തു വന്നിരുന്ന ശ്രീമതി ശോശാമ്മ ജോർജിനെ 15/07/2001 പ്രാബല്യത്തിൽ പുറത്താക്കുകയും ചെയ്തു.

01/06/2001 ൽ റോളിൽ ഉണ്ടായിരുന്ന അദ്ധ്യാപകർ

| Sl. No. | Name | Designation | Date of commencement of service |
|---|---|---|---|
| 1 | K V Mariyamma | LPSA | 15/07/1971 |
| 2 | A N Ponnamma | LPSA | 15/07/1971 |
| 3 | M T Mariyamma | LPSA | 17/07/1972 |
| 4 | P V Rachel | LPSA | 01/06/1982 |
| 5 | Ushakumari Amma | LPSA | 05/06/1985 |
| 6 | P T Vijayakumari | LPSA | 01/06/1987 |
| | | | |

| | | | |
|---|---|---|---|
| 7 | Saly Thomas | LPSA | 01/06/1988 |
| 8 | Valy Sheela | LPSA | 01/06/1992 |

2001-2002 വർഷം ഒന്നാം ക്ലാസ്സ് പ്രവർത്തിച്ചിരുന്നത് ഷിഫ്റ്റ് അടിസ്ഥാനത്തിൽ ആയിരുന്നതിനാൽ എച്ച്.എം. ഉൾപ്പെടെ 08 എൽ.പി.എസ്.എ. തസ്തികയും 01 ഫുൾ ടൈം എൽ.ജി. അറബിക് തസ്തികയും മാത്രമേ അനുവദനീയമായിരുന്നുള്ളൂ. എന്നാൽ 2001-2002 വർഷം 08 എൽ.പി.എസ്.എ. തസ്തികകളും 01 എച്ച്.എം. തസ്തികയും 01 ഫുൾ ടൈം ലാംഗ്വേജ് അറബി തസ്തികയുമാണ് ആദ്യം അനുവദിക്കപ്പെട്ടത്. ഈ അധികമായി അനുവദിച്ച എൽ.പി.എസ്.എ. തസ്തികയാണ് പുന:പരിശോധനയിൽ കുറവ് ചെയ്തത്. തന്മൂലം റോളിൽ ഉണ്ടായിരുന്ന അദ്ധ്യാപകരിൽ ജൂനിയർ മോസ്റ്റ് അദ്ധ്യാപികയുടെ തസ്തിക നഷ്ടപ്പെടുന്ന സാഹചര്യം സംജാതമായി. എന്നാൽ സീനിയർ ആയ ശ്രീമതി എം.റ്റി.മറിയാമ്മ 05/06/1985 മുതൽ LWA-യിൽ തുടരുകയും ശ്രീമതി ശോശാമ്മ ജോർജ്ജ് ലീവ് സബ്സ്റ്റിറ്റ്യൂട്ടായി നിയമന അംഗീകാരത്തോടെ തുടരുകയായിരുന്നുവെങ്കിലും പുന:പരിശോധനയിൽ ഒരു എൽ.പി.എസ്.എ തസ്തിക നഷ്ടമായപ്പോൾ റഗുലർ അദ്ധ്യാപികയെ നിലനിർത്തി സംരക്ഷണാനുകൂല്യം ലഭിക്കാത്ത ലീവ് സബ്സ്റ്റിറ്റ്യൂട്ടിനെ പുറത്താക്കുകയാണ് ചെയ്തത്. അങ്ങനെയാണ് ശ്രീമതി ശോശാമ്മ ജോർജ്ജിന്റെ 15/07/2001 മുതൽ 31/01/2002 വരെയുള്ള ശമ്പളം തിരിച്ചടയ്ക്കേണ്ടി വന്നത്.

ശ്രീമതി എം.റ്റി. മറിയാമ്മ 05/06/2002 പ്രാബല്യത്തിൽ രാജിവയ്ക്കുകയും ഈ ഒഴിവിൽ ശ്രീമതി ശോശാമ്മ ജോർജ്ജിന് 05/06/2002 മുതൽ പുനർനിയമനം നൽകി അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. തുടർന്ന് ടിയാരി സർക്കാർ സർവ്വീസിൽ പ്രവേശിക്കുന്നതിനായി 04/07/2005 ൽ റിലീവ് ചെയ്യുകയും 04/07/2005 ൽ പി.റ്റി. ടീച്ചറായി കുടമുരുട്ടി ജി.യു.പി.എസ്. ൽ ജോലിയിൽ പ്രവേശിക്കുകയും ചെയ്തു. എയ്ഡഡ് സ്കൂൾ സർവീസ് കൂടി കണക്കിലെടുത്താണ് ടിയാരിക്ക് ഗ്രേഡ് അനുവദിച്ച് നൽകിയിട്ടുള്ളതെന്നും കൂടി അറിയിക്കുന്നു.

3. സർക്കാർ ഈ വിഷയം വിദ്യാഭ്യാസ ഓഫീസർമാരുടെ റിപ്പോർട്ട്, നിലവിലുള്ള ചട്ടങ്ങൾ, സർക്കാർ ഉത്തരവുകൾ എന്നിവയുടെ അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചു. 2001-2002 വർഷം ഒന്നാം ക്ലാസ്സ് പ്രവർത്തിച്ചിരുന്നത് ഷിഫ്റ്റ് അടിസ്ഥാനത്തിൽ ആയിരുന്നതിനാൽ എച്ച്.എം. ഉൾപ്പെടെ 08 എൽ.പി.എസ്.എ. തസ്തികയും 01 ഫുൾ ടൈം എൽ.ജി. അറബിക് തസ്തികയും മാത്രമേ അനുവദനീയമായിരുന്നുള്ളൂ. എന്നാൽ 2001-2002 വർഷം 08 എൽ.പി.എസ്.എ. തസ്തികകളും 01 എച്ച്.എം. തസ്തികയും 01 ഫുൾ ടൈം ലാംഗ്വേജ് അറബി തസ്തികയുമാണ് ആദ്യം അനുവദിക്കപ്പെട്ടത്. ഈ അധികമായി അനുവദിച്ച എൽ.പി.എസ്.എ. തസ്തികയാണ് പുന:പരിശോധനയിൽ കുറവ് ചെയ്തത്. അപ്രകാരം ഒരു എൽ.പി.എസ്.എ തസ്തിക നഷ്ടമായപ്പോൾ റഗുലർ അദ്ധ്യാപികയെ നിലനിർത്തി സംരക്ഷണാനുകൂല്യം ലഭിക്കാത്ത ലീവ് സബ്സ്റ്റിറ്റ്യൂട്ടിനെ (ശ്രീമതി ശോശാമ്മ ജോർജ്ജ്) പുറത്താക്കുകയാണ് ചെയ്തത്. ആയതിനാലാണ് ശ്രീമതി ശോശാമ്മ ജോർജ്ജിന്റെ 15/07/2001 മുതൽ 31/01/2002 വരെയുള്ള ശമ്പളം തിരിച്ചടയ്ക്കേണ്ടി വന്നത്.

4. മേൽ സാഹചര്യത്തിൽ പത്തനംതിട്ട മടമൺ ഗവ: യു.പി. സ്കൂളിലെ യു.പി.എസ്.ടി. ആയ ശ്രീമതി ശോശാമ്മ, തേവർവേലിൽ എൽ.പി. സ്കൂളിൽ ജോലിചെയ്തിരുന്ന 15.07.2001 മുതൽ 31.01.2002 വരെയുള്ള കാലയളവിൽ, ശമ്പള ഇനത്തിൽ ഹർജിക്കാരിയിൽ നിന്നും ഈടാക്കിയ തുക തിരികെ നൽകുവാൻ പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് നിർദ്ദേശം നൽകി

ഉത്തരവ് പുറപ്പെടുവിക്കുന്നു.

5. മേൽപ്രകാരം റിട്ട് ഹർജി 17029/2015-ലെ 30.05.2024-ലെ വിധിന്യായം നടപ്പിലാക്കിയിരിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SWAPNA P
ജോയിന്റ് സെക്രട്ടറി

ശ്രീമതി ശോശാമ്മ ജോർജ്ജ്, യു.പി.എസ്.എ., ഗവൺമെന്റ് യു.പി.എസ്., മടമൺ പി.ഒ., റാന്നി, പെരുനാട്, പത്തനംതിട്ട.
മാനേജർ, തേവർവേലിൽ എൽ.പി.എസ്., ക്ലനംകര, റാന്നി, പത്തനംതിട്ട-691 523.
പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം-695 014.
ജോയിന്റ് ഡയറക്ടർ ഓഫ് പബ്ലിക് ഇൻസ്ട്രക്ഷൻസ്, തിരുവനന്തപുരം-695 001.
ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ, റാന്നി-691 523.
പൊതുവിദ്യാഭ്യാസ (ജെ.എ) വകുപ്പ്. (ജെ.എ1/503/2024/പൊവിവ)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്), കേരളം, തിരുവനന്തപുരം.
ഡയറക്ടർ, വെബ് ആന്റ് ന്യൂ മീഡിയ (പ്രസിദ്ധീകരണത്തിനായി)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി. (എ1/192/2024/പൊവിവ)

ഉത്തരവിൻ പ്രകാരം

Signed by
Anil Kumar P
Date: 02-06-2025 10:14:07
സെക്ഷൻ ഓഫീസർ